**15 -ാം കേരള നിയമസഭ**

**7 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1641** **08-12-2022 - ൽ മറുപടിയ്ക്ക്**

**വാമനപുരം മണ്ഡലത്തിലെ സ്മാർട്ട് വില്ലേജുകൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ ഡി കെ മുരളി | | ശ്രീ. കെ. രാജൻ<br>(റവന്യൂ-ഭവനനിർമ്മാണ വകുപ്പ് മന്ത്രി) | |
| (എ) | വാമനപുരം നിയോജകമണ്ഡലത്തിലെ ഏതെല്ലാം വില്ലേജ് ഓഫീസുകളെയാണ് സ്മാർട്ട് വില്ലേജ് പദ്ധതിയിൽ ഉൾപ്പെടുത്തി നിർമ്മാണ പ്രവർത്തനങ്ങൾ നടന്നുവരുന്നതെന്ന് അറിയിക്കുമോ; | (എ) | വാമനപുരം നിയോജകമണ്ഡലത്തിലെ നെല്ലനാട്, വാമനപുരം, കല്ലറ, പുല്ലമ്പാറ, ആനാട് എന്നീ വില്ലേജ് ഓഫീസുകളെയാണ് സ്മാർട്ട് വില്ലേജ് പദ്ധതിയിൽ ഉൾപ്പെടുത്തി നിർമ്മാണ പ്രവർത്തനങ്ങൾ നടന്നുവരുന്നത്. |
| (ബി) | പ്രസ്തുത വില്ലേജ് ഓഫീസ് കെട്ടിടങ്ങളുടെ നിർമ്മാണ പുരോഗതി അറിയിക്കുമോ; | (ബി) | നെല്ലനാട് - 65% പ്രവൃത്തി പൂർത്തീകരിച്ചിട്ടുണ്ട്. ലിന്റൽ ലെവൽ വർക്ക് നടന്നു വരുന്നു.<br><br>വാമനപുരം - 70% പ്രവൃത്തി പൂർത്തീകരിച്ചിട്ടുണ്ട്. കോൺക്രീറ്റും പ്ലാസ്റ്ററിങ് വർക്കുകളും പൂർത്തിയായിട്ടുള്ളതുമാണ്.<br><br>കല്ലറ - 90% പ്രവൃത്തി പൂർത്തീകരിച്ചിട്ടുണ്ട്. നിർമ്മാണ പ്രവർത്തനം അന്തിമ ഘട്ടത്തിലാണ്.<br><br>പുല്ലമ്പാറ - 85% പ്രവൃത്തി പൂർത്തീകരിച്ചിട്ടുണ്ട്. കോൺക്രീറ്റ്, പ്ലാസ്റ്ററിങ് വർക്ക് പൂർത്തിയായിട്ടുള്ളതാണ്.<br><br>ആനാട് - നിർമ്മാണം പൂർത്തിയായി ഉദ്ഘാടനം നിർവ്വഹിച്ചിട്ടുള്ളതും നിലവിൽ സ്മാർട്ട് വില്ലേജ് ആയി പ്രവർത്തിച്ചു വരുന്നതുമാണ്. |
| (സി) | പ്രസ്തുത നിർമ്മാണ പ്രവൃത്തികൾ എന്നത്തേക്ക് പൂർത്തീകരിക്കാൻ കഴിയുമെന്ന് അറിയിക്കുമോ? | (സി) | പുല്ലമ്പാറ വില്ലേജിന്റെ നിർമ്മാണ പ്രവൃത്തികൾ 2023 ജനുവരി മാസത്തിലും കല്ലറ 2022 ഡിസംബർ അവസാനവും വാമനപുരം 2023 ഫെബ്രുവരി മാസത്തിലും നെല്ലനാട് 2023 മാർച്ച് മാസത്തിലും പൂർത്തീകരിക്കാൻ കഴിയുമെന്ന് പ്രതീക്ഷിക്കുന്നു. |

സെക്ഷൻ ഓഫീസർ